# വൈദ്യുതി പ്രതിസന്ധി പിടിച്ചുകെട്ടാൻ ഊർജകിരൺ

**സ്വന്തം ലേഖകൻ**

**തിരുവനന്തപുരം**

ചൂടുകാലത്ത് വൈദ്യുതി ഉപയോഗം കുതിക്കുമ്പോൾ പ്രതിസന്ധി പിടിച്ചുകെട്ടാൻ സംസ്ഥാനത്ത് ഊർജ സംരക്ഷണ പ്രവർത്തനങ്ങൾ ശക്തമാക്കുന്നു.

കെഎസ്ഇബി എനർജി മാനേജ്മെന്റ് സെന്ററുമായി (ഇഎംസി) സഹകരിച്ച് സംസ്ഥാന വ്യാപകമായി നടത്തുന്ന 'ഊർജ കിരൺ സമ്മർ ക്യാമ്പയിൻ' ആരംഭിച്ചു. കെഎസ്ഇബി സെക്ഷൻ ഓഫീസുകൾ കേന്ദ്രീകരിച്ച് പൊതുജനങ്ങൾക്കുള്ള വിപുലമായ ബോധവൽക്കരണ പ്രവർത്തനമാണ് നടക്കുന്നത്.

പ്രാദേശികമായി എൻജിഒകൾ, ലൈബ്രറികൾ, ക്ലബ്ബുകൾ തുടങ്ങിയവരുമായി സഹകരിച്ചാണ് ക്ലാസുകൾ. സംസ്ഥാനത്താകെ 750ൽ അധികം ക്ലാസുകൾ നടക്കും. ക്യാമ്പയിൻ സംഘടിപ്പിക്കുന്നതിനായി നിലവിൽ 368 ഏജൻസികൾ രജിസ്റ്റർചെയ്തു. അമിത വൈദ്യുതി ഉപയോഗം നിയന്ത്രിക്കുക എന്ന ലക്ഷ്യവുമായി 140 മണ്ഡലം കേന്ദ്രീകരിച്ച് ഇഎംസി മുമ്പും ഊർജകിരൺ ക്യാമ്പയിൻ സംഘടിപ്പിച്ചിട്ടുണ്ട്. സാധാരണ ഏപ്രിൽ, മെയ് മാസങ്ങളിലാണ് വൈദ്യുതി ആവശ്യകത ഉയരുന്നതെങ്കിലും മാർച്ചിൽത്തന്നെ ഉപയോഗം കുതിച്ചുയർന്ന പശ്ചാത്തലത്തിലാണ് വിപുലമായ ക്യാമ്പയിനിലേക്ക് കടന്നത്. ക്യാമ്പയിൻ നടത്താൻ താല്പര്യമുള്ളവർക്ക് www.keralaenergy.gov.in ൽ രജിസ്റ്റർ ചെയ്യാം.

ദേശാഭിമാനി Tue, 19 March 2024
https://epaper.deshabhimani.com/c/74763105